# നാമനിർദ്ദേശപത്രിക പൂരിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

- നാമനിർദേശപത്രിക തീയതി ഉൾപ്പെടെ പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം.
- മത്സരിക്കുന്ന സ്ഥാനം വിജ്ഞാപനത്തിൽ ഉള്ളതുപോലെ എഴുതേണ്ടതാണ്.
- സ്കൂളിൻറെ പേര്, പഠിക്കുന്ന പ്രോഗ്രാം എന്നിവ വിജ്ഞാപനത്തിൽ അനുബന്ധമായി നൽകിയിട്ടുണ്ട്. അത് പ്രകാരം എഴുതി ചേർക്കേണ്ടതാണ്. പ്രോഗ്രാമിന്റെ പേരിൽ സെമസ്റ്റർ/വർഷം എന്നിവ ഉൾപ്പെടുന്നില്ല.
- സ്ഥാനാർത്ഥി, നിർദേശിക്കുന്ന വ്യക്തി, പിൻതാങ്ങുന്ന വ്യക്തി, എന്നിവർ അവരുടെ പേര് അന്തിമവോട്ടർപട്ടികയിൽ ഉള്ളത്പോലെ പൂരിപ്പിക്കേണ്ടതാണ്.
- ബിരുദ വിദ്യാർത്ഥികൾ സ്കൂളിൻറെ പേര് എഴുതേണ്ടതില്ല.
- സ്ഥാനാർത്ഥിയായി മത്സരിക്കുന്ന വിദ്യാർത്ഥിക്ക് കഴിഞ്ഞ സെമസ്റ്ററുകളിലും നിലവിലുള്ള സെമസ്റ്ററിലും 75 ശതമാനത്തിൽ കുറയാത്ത ഹാജർ നില ഉണ്ടായിരിക്കണം. കഴിഞ്ഞ സെമസ്റ്ററുകളിലെ എല്ലാ പരീക്ഷകളും വിജയിച്ചിട്ടുണ്ടായിരിക്കണം. ഇത് സംബന്ധിച്ച സ്കൂൾ ഡയറക്ടറുടെ സാക്ഷ്യപത്രം, ഡയറക്ടറുടെ ഒപ്പും സീലും, പഠന സ്കൂളിൻറെ സീലും ഉൾപ്പെടെ നാമനിർദേശ പത്രികയിൽ ഉണ്ടായിരിക്കേണ്ടതാണ്.
- സ്ഥാനാർത്ഥികൾക്ക് ഫീസ് ഇനത്തിൽ കുടിശ്ശിക ഉണ്ടായിരിക്കുവാൻ പാടില്ല. ഇത് സംബന്ധിച്ച് സാക്ഷ്യപത്രം ഫിനാൻസ് ഓഫീസറുടെ ഒപ്പും സീലും ഉൾപ്പെടെ നിർദ്ദിഷ്ട സ്ഥാനത്ത് പൂരിപ്പിച്ച് വാങ്ങേണ്ടതാണ്.
- തെരെഞ്ഞെടുപ്പിൽ മത്സരിക്കുന്ന വിദ്യാർത്ഥികൾ അവസാന ദിനത്തിനു മുമ്പ് ഫീസടച്ച് ബാധ്യതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- നാമനിർദ്ദേശപത്രിക 2024 നവംബർ 25ന് വിജ്ഞാപനം പുറപ്പെടുവിച്ച സമയം മുതൽ 2024 നവംബർ 27ന് ഉച്ചയ്ക്ക് 12 മണി വരെ ഫിനാൻസ് വിഭാഗത്തിന്റെ സമീപത്തുള്ള ഇലക്ഷൻ കാര്യാലയത്തിൽ വച്ചിട്ടുള്ള പെട്ടിയിൽ മുഖ്യവരണാധികാരിയുടെയോ ഉപവരണാധികാരിയുടെയോ സാന്നിധ്യത്തിൽ നിക്ഷേപിച്ച് രസീത് കൈപ്പറ്റേണ്ടതാണ്.
- പത്രിക സമർപ്പിക്കുന്ന സമയത്ത് സ്ഥാനാർത്ഥി വരണാധികാരിയുടെ മുന്നിൽ വച്ച് നാമനിർദ്ദേശപത്രികയിലെ നിർദിഷ്ടസ്ഥാനത്ത് തീയതി സഹിതം ഒപ്പിട്ടിരിക്കണം.
- നാമനിർദേശപത്രിക സമർപ്പിക്കുന്ന ദിവസം ഉച്ചയ്ക്ക് 12 മണിവരെ ഇലക്ഷൻ കാര്യാലയത്തിൽ വരിയിൽ നിൽക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ടോക്കൺ കൊടുക്കുന്നതായിരിക്കും.
- നാമനിർദ്ദേശപത്രികയിലെ എല്ലാ രേഖപ്പെടുത്തലുകളും അതിനായി അനുവദിച്ച സ്ഥലത്തിനുള്ളിൽ ആയിരിക്കണം.
- നാമനിർദേശപത്രിക പൂരിപ്പിക്കുമ്പോൾ വാക്കുകൾക്കിടയിലുള്ള അകലം, കുത്ത്, കോമ മുതലായവ അന്തിമവോട്ടർപട്ടികയിൽ ഉള്ളതുപോലെ ആയിരിക്കണം.
- ക്രമ നമ്പർ എന്നത് പഠന സ്കൂൾ, പഠിക്കുന്ന വർഷം, വിദ്യാർത്ഥിയുടെ പേര് എന്നിവ ഉൾപ്പെട്ടതാണ്. ഉദാഹരണമായി ഭാഷാശാസ്ത്രസ്കൂളിലെ രണ്ടാം വർഷത്തിലെ പതിനെട്ടാം നമ്പർ വിദ്യാർത്തിയാണെങ്കിൽ I (2) 18 എന്ന് രേഖപ്പെടുത്തണം.

25-11-24

വരണാധികാരി